മേഖലകളിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾക്ക് പുത്തൻ സാങ്കേതികവിദ്യ പകർന്നു കൊടുത്തുകൊണ്ട് സ്ത്രീകളുടെ അധ്വാനഭാരം കുറയ്ക്കുവാനും, വരുമാനം ഉയർത്തുവാനും അങ്ങിനെ സമൂഹത്തിൽ അവരുടെ പദവി ഉയർത്താനും ഉദ്ദേശിച്ചു കൊണ്ടാണ് മേൽപ്പറഞ്ഞ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. കാർഷിക മേഖലയെ അപേക്ഷിച്ച് കൂടുതൽ വരുമാനം ലഭിക്കുവാൻ സാദ്ധ്യതയുള്ള വ്യവസായ മേഖലയിൽ കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ചും. നിലവിലുള്ളവ വിപുലീകരിച്ചും, മെച്ചപ്പെട്ട സാങ്കേതികവിദ്യയും പരിശീലനവും നൽകി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നു. വിവിധ സ്ഥാപനങ്ങൾ/വകുപ്പുകൾ നടപ്പാക്കി വരുന്നതും പുതുതായി ആവിഷ്ക്കരിക്കുന്നതുമായ വ്യവസായ പദ്ധതികൾ ക്രോഡീകരിച്ച് നിരീക്ഷണത്തിലൂടെ മെച്ചപ്പെടുത്തി, സമയബന്ധിതമായി ലക്ഷ്യം വരിക്കാനുള്ള കേന്ദ്രീകൃത സംവിധാനം കൊണ്ടുവരാനും ഉദ്ദേശിക്കുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ ചെറുകിട വ്യവസായം, കയർ, കരകൗശലം കൈത്തറി, ഖാദി ഗ്രാമ വ്യവസായം കൃത്രിമ വൈരക്കല്ലു വ്യവസായം, സെറിക്കൾച്ചർ, ഫിഷറീസ്, മത്സ്യ സംസ്ക്കരണം, വിവര സാങ്കേതികവിദ്യ എന്നീ മേഖലകളെയാണ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ഉദ്ദേശിക്കുന്നുണ്ട്. അതാത് രംഗങ്ങളിൽ അതാതു വകുപ്പ്/ ഏജൻസികൾ തന്നെ ഉയർന്ന സാങ്കേതിക പരിശീലനം നൽകാൻ പദ്ധതികൾ തയ്യാറാക്കി വരുന്നു. ഇവയെല്ലാം കൂടെക്കൂടെ അവലോകനം ചെയ്തു സൂക്ഷ്മ നിരീക്ഷണത്തിലൂടെ സമയ ബന്ധിതമായി നടപ്പാക്കാനും, പദ്ധതി വിഹിതം വനിതകൾക്കായി ചെലവിടുന്നുവെന്ന് ഉറപ്പു വരുത്താനും 'വനിതാ സെൽ' രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ഇ) വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതി ആയതിനാൽ പ്രസ്തുത വകുപ്പുകളുടെ മുഴുവൻ ആനുകൂല്യങ്ങളും, വനിതാ വ്യവസായ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും നിയമാനുസൃതം നൽകാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) വനിതാ തൊഴിൽദാനപദ്ധതി പ്രകാരം അടുത്ത രണ്ടു വർഷത്തിനകം ഉദ്ദേശം 3 1/2 ലക്ഷം വനിതകൾക്ക് തൊഴിലവസരങ്ങൾ നൽകാനാണ് പ്ലാൻ ചെയ്തിരിക്കുന്നത്.

(ജി) ഇല്ല.

(എച്ച്) നടപടി സ്വീകരിച്ചു വരുന്നു.

8 (*264) നഗരങ്ങളിലെ ചപ്പുചവറുകൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം.എ. തോമസ് :
ശ്രീ. എളമരം കരീം :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ചപ്പുചവറുകൾ സംസ്കരിക്കുന്നതിന് എന്തെങ്കിലും പുതിയ സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാലിന്യങ്ങൾ കുന്നുകൂടി പരിസര മലിനീകരണവും രോഗബാധയും ഉണ്ടാകുന്നത് തടയാൻ എന്തെങ്കിലും ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) നഗരങ്ങളിലെ ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്ത് നിക്ഷേപിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കുന്നതിന് അധികാരികൾക്ക് പലപ്പോഴും കഴിയാതിരിക്കുന്നത് ഈ രംഗത്തുള്ള ശുഷ്കാന്തിക്കുറവു കൊണ്ടാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) മാലിന്യനിർമ്മാർജ്ജനത്തിന് സർക്കാർ മുഖ്യ പരിഗണന നൽകുമോ;

(ഇ) തിരുവനന്തപുരം നഗരത്തിലെ ചപ്പുചവറുകൾ ഇപ്പോൾ നിക്ഷേപിക്കുന്നത് എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ചപ്പുചവറുകൾ സംസ്കരണത്തിന് നഗരത്തിൽ എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദുകുട്ടി) :

(എ) ഖരമാലിന്യങ്ങളിൽ നിന്നും പുനരുപയോഗത്തിനുള്ളതും ജീർണ്ണിക്കാത്തതുമായ വസ്തുക്കൾ വേർതിരിച്ചശേഷം ബാക്കിയുള്ളവ ജൈവവളമാക്കി മാറ്റുന്നതിനുള്ള സാങ്കേതികവിദ്യ ഇപ്പോൾ നിലവിലുണ്ട്. ഇത് മെക്കാനിക്കൽ പ്ലാന്റ് സ്ഥാപിച്ചും അല്ലാതെയും നിർവ്വഹിക്കാവുന്നതാണ്. ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ചപ്പുചവറുകൾ സംസ്കരിക്കുന്നതിനുള്ള പ്ലാന്റുകൾ വിവിധ നഗരസഭകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) എല്ലാ നഗരസഭകളിലും ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നഗരങ്ങളിൽ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ 1997-98 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തികസഹായം നൽകിവരുന്നുണ്ട്. 1997-98 1998-99 വർഷങ്ങളിൽ 160 ലക്ഷം രൂപ വിവിധ നഗരസഭകൾക്ക് നൽകിയിട്ടുള്ളതും, തന്നാണ്ടത്തേക്ക് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതുമാകുന്നു. പഞ്ചായത്തുകൾക്ക് 1998-99 വർഷത്തിൽ 250 ലക്ഷം രൂപ നൽകിയിട്ടുണ്ട്. നടപ്പുവർഷം ഈ ആവശ്യത്തിന് 175 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമെ നഗരസഭകൾക്ക് ഈ ആവശ്യത്തിന് പലിശ സബ്സിഡിയോടുകൂടി വായ്പ സ്വരൂപിക്കുന്നതിന് കേരള നഗരവികസന ധനകാര്യ കോർപ്പറേഷന് 1.21 കോടി രൂപ സർക്കാർ സഹായം അനുവദിച്ചിട്ടുണ്ട്.

(സി) ചവറ് സംസ്ക്കരിക്കുന്നതിന് വേണ്ടത്ര സ്ഥലം ലഭ്യമാകാത്തതും സ്ഥലം ഉള്ളിടത്ത് ചവറ് സംസ്കരിക്കുന്നതിനെതിരായി പരിസരവാസികളുടെ എതിർപ്പും അതു മുഖേനയുള്ള ബുദ്ധിമുട്ടുകളും പല നഗരസഭകളും അഭിമുഖീകരിക്കുന്നുണ്ട്. ആരുടെയെങ്കിലും ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ ശുഷ്കാന്തിക്കുറവ് ഉണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മാലിന്യനിർമ്മാർജ്ജനത്തിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തിരുവനന്തപുരം നഗരസഭയിൽ ഇപ്പോൾ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് സ്വന്തമായി സ്ഥലം ഇല്ല. കൃഷി ആവശ്യത്തിനായി സ്വകാര്യവ്യക്തികൾ ആവശ്യപ്പെടുന്ന സ്ഥലത്ത് അവ നിക്ഷേപിച്ചുവരുന്നു.

(എഫ്) തിരുവനന്തപുരം നഗരസഭയിൽ ചപ്പുചവറുകൾ സംസ്കരിക്കുന്നതിന് ഒരു ജൈവവള നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ആവശ്യത്തിലേക്ക് വിളപ്പിൽശാലയിൽ 12.5 ഏക്കർ സ്ഥലം വാങ്ങിക്കഴിഞ്ഞു. ജൈവവള നിർമ്മാണശാല സ്ഥാപിക്കുന്നതിനുള്ള കാട്ടേഷൻ ക്ഷണിക്കുകയും ഇതിൽ തെരഞ്ഞെടുത്ത കാട്ടേഷൻ കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് നടപടികൾ പുരോഗമിച്ചു വരുന്നു.

9 (*265) ജനകീയാസൂത്രണ ഫണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തുകൾക്ക് ഫോട്ടോ സ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിന് ലഭിച്ച തുക

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ഡോ. എം.എ. കുട്ടപ്പൻ :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി ഫണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തുകൾക്ക് ഫോട്ടോ സ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിന് എന്തു തുക ലഭിച്ചു;

(ബി) എന്നാണ് തുക ലഭിച്ചത്; ആരുടെ പേരിലാണ് ഈ തുക നിക്ഷേപിച്ചിട്ടുള്ളത്;

(സി) എത്ര പഞ്ചായത്തുകൾക്ക് ഈ തുക നൽകിയിട്ടുണ്ട്;

(ഡി) ഇതിൽ എത്ര പഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ നൽകി;

(ഇ) ബാക്കി പഞ്ചായത്തുകൾക്ക് ഇവ നൽകുന്നതിൽ കാലതാമസമുണ്ടാകാനുള്ള കാരണമെന്താണ്;

(എഫ്) ഏത് കമ്പനിയുടെ ഫോട്ടോ സ്റ്റാറ്റ് മെഷീനാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദുകുട്ടി) :

(എ) 6,88,00,000 (ആറ് കോടി എൺപത്തിയെട്ട് ലക്ഷം) രൂപ, 688 പഞ്ചായത്തുകൾ പഞ്ചായത്ത് ഡയറക്ടറെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) 15.6.1998 മുതൽ 15.5.1999 വരെ ഡി.ഡി.യായി ടി തുക ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പഞ്ചായത്ത് ഡയറക്ടർക്ക് ലഭിച്ചു. ഈ തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ വെള്ളയമ്പലം സബ്ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(സി) 688 പഞ്ചായത്തുകൾ ഡയറക്ടർക്ക് തുക നൽകിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

(ഡി)&(ഇ) ആർക്കും നൽകിയിട്ടില്ല. വലിയ പർച്ചേസ് ആയതിനാൽ ടെണ്ടർ ക്ഷണിച്ചതിന് ശേഷമേ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങാനാകൂ. അതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

(എഫ്) ഏതു കമ്പനിയുടെ മെഷീനാണ് വാങ്ങേണ്ടതെന്ന് ടെണ്ടർ ലഭിച്ചുകഴിഞ്ഞേ തീരുമാനിക്കാനാകൂ.

LIBRARY ARCHIVES Kerala Legislative Assembly